# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1774

21.01.2014-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൈസേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ | | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ, വിശദമാക്കുമോ; | എ) | ഉണ്ട്. ആസ്തി രജിസ്റ്റർ ഡിജിറ്റലായി പരിപാലിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇലക്ട്രോണിക്കായി ആസ്തി രജിസ്റ്ററുകളിൽ വരുന്ന മാറ്റങ്ങൾ കൂട്ടിച്ചേർത്ത് പുതുക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർക്കാണ്. |
| ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തിയതിന്റെ പ്രധാന ഉദ്ദേശ്യങ്ങളിലൊന്ന് സംസ്ഥാനതല ക്രോഡീകരണം സാധ്യമാക്കുക എന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ കൃത്യമായി സംരക്ഷിക്കുക, അവ സംസ്ഥാന തലത്തിൽ മോണിറ്റർ ചെയ്യുക, ആവശ്യമായ ഘട്ടങ്ങളിൽ ആസ്തികൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഫണ്ടുകൾ നൽകുന്നതിനാവശ്യമായ കണക്കുകൾ ശേഖരിക്കുക എന്നിവയാണ് പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. |
| സി) | എന്തെല്ലാം സൌകര്യങ്ങളും സേവനങ്ങളുമാണ് പദ്ധതി മുഖാന്തിരം പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കുന്നത്; വിശദമാക്കുമോ; | സി) | പദ്ധതി മുഖാന്തിരം ലഭ്യമാക്കുന്ന സൌകര്യങ്ങളും സേവനങ്ങളും ചുവടെ ചേർക്കുന്നു.<br>(1) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവയുടെ കൈവശം തനതായും കൈമാറ്റം ചെയ്യപ്പെട്ടതിലൂടെയും ലഭ്യമായ ആസ്തിയുടെ വിവരങ്ങൾ രജിസ്റ്റർ രൂപത്തിൽ ലഭ്യമാക്കുന്നു.<br>(2) ആസ്തികളുടെ പരിപാലനത്തിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സാധിക്കുന്നു.<br>(3) സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിന് സാധിക്കുന്നു. |

| | | |
|---|---|---|
| | | (4) ആസ്തികളുടെ മൂല്യം നിർണ്ണയിക്കുന്നതിനും കാലപ്പഴക്കം നിർണ്ണയിക്കുന്നതിനും സാധിക്കുന്നു.<br>(5) പഞ്ചായത്തുകളുടെ ആസ്തികൾ അന്യാധീനപ്പെട്ടു പോകാതിരിക്കുന്നതിന് സാധിക്കുന്നു.<br>(6 പദ്ധതി ആസൂത്രണമായും അക്കൌണ്ടിംഗുമായും ആസ്തികളെ ബന്ധപ്പെടുത്തുന്നതിന് സാധിക്കുന്നു.<br>(7)ഓരോ ആസ്തിയും ആർജ്ജിക്കുന്നതിനും കാലാകാലങ്ങളിൽ അവ സംരക്ഷിക്കുന്നതിനും ചെലവഴിക്കുന്ന തുക നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിനും സാധിക്കുന്നു.<br>(8)ജനങ്ങൾക്ക് പഞ്ചായത്ത് ആസ്തികളെക്കുറിച്ചുള്ള അവബോധം ലഭിക്കുന്നു. |
| ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദാംശങ്ങൾ എന്തെല്ലാം? | ഡി) ആസ്തികളുടെ പൂർണ്ണ വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള എഞ്ചിനീയർമാർ /ഓവർസീയർമാർ രേഖപ്പെടുത്തേണ്ടതാണ്. ഈ പ്രവർത്തനങ്ങൾക്കായി തനത്/വികസന ഫണ്ടിൽ നിന്നും 10,000/- രൂപ വരെ ചെലവഴിക്കാവുന്നതാണ്. സംസ്ഥാനതല ത്തിൽ ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. നാളിതു വരെ സംസ്ഥാനത്ത് 875 ഗ്രാമ പഞ്ചായത്തുകൾ ആസ്തി രജിസ്റ്റർ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ